/28342/2022

22/11/2022

ഭരണഭാഷ – മാതൃഭാഷ

<u>നം.TRY/4689/20222-E3</u>

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 21-11-2022

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: **GPAIS-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി - 2023 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - സംബന്ധിച്ച്.**

സൂചന: സ.ഉ.(അച്ചടി) നം.140/2022/ധന തീയതി 21/11/2022.

വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി(GPAIS) 01/01/2023 മുതൽ 31/12/2023 വരെ ദീർഘിപ്പിച്ച് സർക്കാർ സൂചന പ്രകാരം ഉത്തരവായിരിക്കുന്നു.

2023 വർഷത്തേക്കുള്ള GPAIS വാർഷിക പ്രീമിയം ഡ്രോയിങ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ അല്ലെങ്കിൽ ശമ്പള വിതരണ ഉദ്യോഗസ്ഥൻ 2022 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി **31/12/2022** നകം ഇൻഷ്വറൻസ് ആൻഡ് പെൻഷൻ ഫണ്ടിന് കീഴിൽ **8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി** എന്ന ശീർഷകത്തിൽ *(മുൻപ് ജി.പി.എ.ഐ.എസ് പ്രീമിയം ഒടുക്കിയിരുന്ന സസ്പെൻസ് ശീർഷകമായ 8658-00-102-88 ന് പകരം)* ട്രഷറിയിൽ അടക്കേണ്ടതാണ്.

അന്യത്ര സേവനത്തിലുള്ള ജീവനക്കാരും, സസ്പെൻഷനിലുള്ളവരും, ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാലോ, മറ്റെന്തെങ്കിലും കാരണത്താലോ ശമ്പളം ലഭിക്കാത്ത ജീവനക്കാരും 2023 വർഷത്തേക്കുള്ള വാർഷിക പ്രീമിയം 31/12/2022 നകം നേരിട്ട് ഇൻഷ്വറൻസ് ആൻഡ് പെൻഷൻ ഫണ്ടിന് കീഴിൽ **8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടക്കേണ്ടതാണ്.

GPAIS പ്രീമിയം തുക 8011-00-105-89 എന്ന ശീർഷകത്തിൽ തന്നെയാണ് ഒടുക്കുന്നതെന്നും, ഡിഡക്ഷൻ കോഡ് 469 ആണെന്നും ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

2022 നവംബർ മാസത്തെ ശമ്പള ബില്ലിൽ GPAIS 2023 വർഷത്തെ പ്രീമിയം തുക കിഴിവ് വരുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, GPAIS പ്രീമിയം തുക കിഴിവ് ചെയ്യാതെയും, ഡിഡക്ഷൻ കോഡ് 469 അല്ലാതെയും ട്രഷറികളിൽ സമർപ്പിക്കുന്ന 2022 നവംബർ മാസത്തെ ശമ്പള ബിൽ പാസ്സാക്കി നൽകാതെ ഒബ്ജക്റ്റ് ചെയ്ത് നൽകേണ്ടതാണെന്നും അറിയിക്കുന്നു.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി 01/01/2023 മുതൽ 31/12/2023 വരെ ദീർഘിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും, തുടർ നടപടി സ്വീകരിക്കുന്നതിലേയ്ക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

JOHN JOSEPH
JOINT DIRECTOR II

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്